# സി.ടി.സ്കാൻ: തിരിച്ചറിയുക ഈ മഹാവിപത്തിനെ

**പ്രശാന്ത്**

'സി. ടി. സ്കാനിംഗിനായുള്ള ഡോക്ടറുടെ കുറിപ്പടിയും വാങ്ങി ക്യൂവിൽ നിൽക്കുന്നവരേ...... ഒന്നോർക്കുക. മറ്റൊരു മാരകരോഗത്തെക്കൂടി സ്വീകരിക്കാനൊരുങ്ങുകയാണ് നിങ്ങൾ' മാരക വികിരണങ്ങൾ ശരീരത്തിൽ കടത്തിവിടുന്ന സ്കാനിംഗ് ജനിതകവൈകല്യങ്ങൾ തുടങ്ങി ക്യാൻസറിലേക്കു വരെ കൊണ്ടെത്തിച്ചേക്കാമെന്ന് എസ്. ജി. പി. ജി. ഐ. ന്യൂക്ലിയർ മെഡിസിനിലെ ബി. കെ. ദാസിന്റെ പഠനങ്ങൾ വെളിപ്പെടുത്തുന്നു.

ആന്തരാവയവങ്ങളുടെ ഘടനയെക്കുറിച്ചും അവയ്ക്കു സംഭവിക്കുന്ന വ്യതിയാനങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ ഡോക്ടർമാർ സാധാരണ നിർദ്ദേശിക്കുന്ന സി. ടി. സ്കാനുകൾ ശരീരത്തിലുണ്ടാകുന്ന മാരകവിപത്തിനെക്കുറിച്ച് തെളിയിക്കപ്പെട്ടിട്ടുള്ളത് ഈ അടുത്ത കാലത്താണ്. വയറിന്മേൽ എടുക്കുന്ന ഒരു സി. ടി. സ്കാൻ മതി നെഞ്ചിൽ 400 എക്സ്-റേവികിരണങ്ങൾ പതിക്കുന്ന ഫലമുണ്ടാക്കാൻ. ഇടുപ്പിലെ സി. ടി. സ്കാനോ ബേരിയം പരീക്ഷണങ്ങളോ ശരീരത്തിൽ യഥാക്രമം 350ഉം 450ഉം എക്സ്-റേകൾ പതിക്കുന്നതിനു തുല്യമാണെന്നു പഠനങ്ങൾ തെളിയിക്കുന്നു. ഡോക്ടർമാർ പലർക്കും ഈ സത്യമറിയാമെങ്കിലും അവർ കണ്ടില്ലെന്നു നടിക്കുകയാണ്.

ആധുനിക ചികിത്സയുടെ ഭാഗമായി ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച് സർക്കാർ ആശുപത്രികളിലടക്കം സ്ഥാപിച്ചിട്ടുള്ള സി. ടി. സ്കാനറുകൾ നമുക്ക് സുപരിചിതമാണ്. അവയുടെ മുമ്പിൽ രാവിലെ മുതൽ തുടങ്ങുന്ന രോഗികളുടെ നിര മതി സി. ടി. സ്കാനറിന്റെ കാര്യത്തിലെ ഡോക്ടർമാരുടെ ശുഷ്കാന്തി മനസ്സിലാക്കാൻ. ഭൂരിഭാഗം സ്വകാര്യ ആശുപത്രികളിലും നല്ലൊരു തുക രോഗികളിൽ നിന്നും കൈക്കലാക്കാനുള്ള ഉപാധി മാത്രമായി സി. ടി. സ്കാനറുകൾ മാറിയിട്ടുണ്ട്. സർക്കാർ ആശുപത്രി ചെലവിൽ സ്വകാര്യ സി. ടി. സ്കാനറുകളിലേക്ക് നിർദ്ദേശിക്കപ്പെട്ട് തടിച്ചുകൊഴുക്കുന്ന നല്ലൊരു ഭാഗം നമ്മുടെ നാട്ടിലുണ്ട്.

ശരിയായ ആരോഗ്യപരിരക്ഷകളൊന്നും തന്നെ ഇല്ലാതെയാണ് ഭൂരിഭാഗം സി. ടി. സ്കാനർ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും 95 ശതമാനം സി. ടി. സ്കാൻ സെന്ററുകളിലും ശരിയായ സുരക്ഷാനടപടികളൊന്നും കൈക്കൊള്ളുന്നില്ലെന്ന് പഠനങ്ങൾ നടത്തിയ ഡോ. എ. കെ. ശുക്ല പറയുന്നു. 50 ശതമാനത്തോളം സ്ഥാപനങ്ങളിലേ വിദഗ്ധരായ റേഡിയോളജിസ്റ്റിന്റെ സേവനം ലഭിക്കുന്നുള്ളുവെന്നും അദ്ദേഹം നടത്തിയ സർവേകൾ വെളിപ്പെടുത്തുന്നു.

കൂണുകൾ പോലെ മുളച്ചുപൊന്തുന്ന, സി. ടി. സ്കാൻ സെന്ററുകളും ശുപാർശ ചെയ്യാൻ മാത്രമായി നിയോഗിക്കപ്പെട്ട ഒരു സംഘം ഡോക്ടർമാരും നമ്മുടെ ശാപമാണ്. ചെന്നിക്കുത്തിന് ചികിത്സക്കായി ചെന്നാലും കാലുളുക്കി ചെന്നാലും സ്കാനിങ്ങിനായി ക്യൂവിൽ കാത്തുകെട്ടി കിടന്ന് പോക്കറ്റിലൊതുങ്ങാത്ത ബില്ലിലെ തുകയുമടച്ച് എല്ലാം ഭേദമായി എന്നു കരുതിയിരിക്കുന്നവരാണ് മലയാളികളെന്ന് ചികിത്സാരംഗത്തെ മാഫിയകൾക്ക് നല്ലതുപോലെ അറിയാം.